## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2378** 11/10/2011-ൽ മറുപടിക്ക്

### കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ :<br>" തോമസ് ചാണ്ടി : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും വേർപ്പെടുത്തി സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ എന്ന പേരിൽ ഒരു സ്വയംഭരണ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ എന്തൊക്കെ അടിസ്ഥാനമാക്കിയാണ് ഈ തീരുമാനം കൈക്കൊണ്ടതെന്നും ഇതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും, ഈ നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നുമുതലാണെന്നും വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്ഥാപിച്ചുകൊണ്ടുള്ള 29.04.1999 ലെ ജി.ഒ (എം.എസ്) 100/99/പൊ.വി. ഉത്തരവിൽ തന്നെ ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ക്രമേണ വേർപ്പെടുത്തി ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28.12.2007 ന് ചേർന്ന എസ്.സി.ഇ.ആർ.ടി.യുടെ 45-ാമത് ഗവേണിംഗ് ബോഡി തീരുമാനത്തിന്മേൽ 18.08.2008 ലെ ജി.ഒ. (ആർ.ടി) നം. 3771/08/പൊ.വി. പ്രകാരം ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. അച്യുതന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചു. പ്രസ്തുത സമിതി ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിച്ച് State Council for Open and Lifelong Education, Kerala (SCOLE- Kerala) എന്ന പേരിൽ ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി പുനഃസംഘടിപ്പിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് 19.08.2009 ൽ സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് തുടർ നടപടികൾക്കായി 29.03.2010 ലെ ജി.ഒ. (ആർ.ടി) നം. 1450/10/പൊ.വി പ്രകാരം നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ച് |

(.......2)

| | | | |
|---|---|---|---|
| | | | ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിച്ച് State Council for Open and Lifelong Education, Kerala (SCOLE- Kerala)എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കുന്നതിനുവേണ്ട മെമ്മോറാണ്ടം ഓഫ് അസോസിയേഷനും (MOA) ചട്ടങ്ങളും അംഗീകരിച്ചുകൊണ്ട് സർക്കാർ 1.03.2011 ൽ ജി.ഒ. (എം.എസ്) നം.65/2011/പൊ.വി. പ്രകാരം ഉത്തരവായി. 28.12.2007 മുതലാണ് ഇതിനുള്ള നടപടികൾ ആരംഭിച്ചത്. |
| സി) | സ്റ്റേറ്റ് കൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ മെമ്മോറാണ്ടത്തിനും ചട്ടങ്ങൾക്കും മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഉണ്ടെങ്കിൽ ഇതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയോ എന്നും, ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | ഡി) | ഇതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ വിശദമായി പരിശോധിച്ചതിനു ശേഷം പൂർത്തിയാക്കുന്നതാണ്. |
| ഇ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ജോലി ചെയ്തുവരുന്ന എല്ലാ ജീവനക്കാരെയും പുതിയ സൊസൈറ്റിയിലും നിലനിറുത്തുന്നതിന് മെമ്മോറാണ്ടത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ